**തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്-മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം –തിരുവനന്തപുരം-സാങ്കേതിക വിഭാഗം-മലപ്പുറം ജില്ല- പെരിന്തൽമണ്ണ നഗരസഭ – പെരിന്തൽമണ്ണ വില്ലേജ് –വാണിജ്യ കെട്ടിട നിർമ്മാണം കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. മലപ്പുറം ടൗൺ പ്ലാനറുടെ 22.11.2021, 14.01.2022 തീയതികളിലെ TCPMPM/1020/2021-A3 നമ്പർ കത്തുകൾ.
2. ശ്രീ.മുഹമ്മദ് മുസ്തഫ എന്നവരുടെ 04.01.2022-ലെ അപേക്ഷ.

---

**കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം**

**ഉത്തരവ്. നം. TCPCTP/118/2022-C2** **തീയതി:28/02/2022**

---

മലപ്പുറം ജില്ല- പെരിന്തൽമണ്ണ നഗരസഭ പരിധിയിലുള്ള പെരിന്തൽമണ്ണ വില്ലേജിൽ സർവ്വേ നമ്പർ 2/8-1, 81/12, 80/4-5, 80/4-10, 80/4-4, 107/16-1, 107/16-2, 22/1B2-2, 22/1B2, 22/1A, 2/7-1 എന്നിവയിൽ ഉൾപ്പെട്ട 10889.00 ച.മീ. വിസ്തൃതിയുള്ള സ്ഥലത്ത് (10849+40 ച.മീ. wet land(81/12)) നിന്നും 81/12 എന്ന സർവ്വേ നമ്പർ (40 ച.മീ)ഒഴിവാക്കി കൊണ്ട്, 10849 ച.മീ സ്ഥലത്ത് 16393.71 ച.മീ.(Built up area) വിസ്തൃതിയിൽ വാണിജ്യാവശ്യത്തിനുള്ള ബഹു നില കെട്ടിടം നിർമ്മിക്കുന്നതിനുള്ള കൺകറൻസ് അംഗീകാരത്തിനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ.ടി.മുഹമ്മദ് മുസ്തഫ, ശ്രീമതി. ഷഹനാസ്.പി, തറയിൽ ഹൗസ്, മക്കരപ്പറമ്പ്, മലപ്പുറം എന്നവരുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ .എം.ബി.ആർ 2019-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി അംഗീകരിച്ച പെരിന്തൽമണ്ണ മാസ്റ്റർ പ്ലാൻ പ്രകാരമുള്ള കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1. നിർമ്മാണം കെ.എം.ബി.ആർനും 2019 നും അനുബന്ധ ചട്ടങ്ങൾക്കും അനുസൃതമായിരിക്കണം.
2. കെ.എം.ബി.ആർ 2019 ലെ ചട്ടം 9(2) പ്രകാരം സ്ഥലത്തിന്റെ അതിരുകളും അളവുകളും പ്രമാണങ്ങളും ആധികാരികതയും ഉടമസ്ഥാവകാശവും സർവ്വേ നമ്പറുകളും പ്രസ്തുത ഭൂമി പുറംമ്പോക്കു ഭൂമിയിൽ ഉൾപ്പെട്ടതല്ലെന്നും മുനിസിപ്പൽ സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.
3. അംഗീകൃത പെരിന്തൽമണ്ണ മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്തിട്ടുള്ള Presentation Bypass road വീതി വർദ്ധിപ്പിക്കുന്നതിനാവശ്യമായ സ്ഥലം നൽകിയിട്ടുണ്ടെന്ന് മുനിസിപ്പൽ സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
4. പെർമിറ്റ് നൽകുന്നതിന് മുമ്പ് കെ.എം.ബി.ആർ 2019 ലെ ചട്ടം 5(4) പ്രകാരം

GOVERNMENT OF KERALA 2017-18

അനുമതി ആവശ്യമായ ബന്ധപ്പെട്ട എല്ലാ വകുപ്പുകളിൽ നിന്നും നിരാക്ഷേപ സാക്ഷ്യ പത്രം വാങ്ങിയിട്ടുണ്ടെന്നും ആയതിൽ നിഷ്കർഷിക്കുന്ന നിബന്ധനകളെല്ലാം പാലിക്കുന്നുണ്ടെന്നും സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

5. നിർദിഷ്ട നിർമ്മാണം പ്രസ്തുത സ്ഥലത്തു അനുവദനീയമാണെന്നും KLU Order 1967 / Kerala Conservation of Paddy Land and Wetland Act, 2008 / Kerala Conservation of Paddy Land and Wetland (Amendment) Act, 2018 എന്നീ നിയമങ്ങൾക്ക് അനുസൃതമാണെന്നും സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് ജില്ലാ തദ്ദേശ സ്വയം ഭരണ വകുപ്പ് പ്ലാനിംഗ് കാര്യാലയം/ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

Signature valid
Digitally signed by Hamidha Yoosaf M
Date: 2022.02.28 12:10:35 IST
Reason: Approved

ഹമിദാ യൂസഫ് എം.
ടൗൺ പ്ലാനർ

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

ടൗൺ പ്ലാനർ, മലപ്പുറം

പകർപ്പ്:-

1. ശ്രീ.മുഹമ്മദ് മുസ്തഫ, തറയിൽ ഹൗസ്, മക്കരപ്പറമ്പ്, മലപ്പുറം -676 507
2. സെക്രട്ടറി,
   പെരിന്തൽമണ്ണ നഗരസഭ, മലപ്പുറം.
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം